ജില്ല/ഗ്രാമ പഞ്ചായത്തുകൾ	40477.94	34080.20	2.41,503.18 (ജനുവരി 31 വരെ)
കോർപ്പറേഷൻ/മുനിസിപ്പാലിറ്റികൾ	9311.07	8839.86	9111.7998
ബ്ലോക്ക് പഞ്ചായത്ത്	10228.91	6745.01402	5744.43960 (ജനുവരി 31 വരെ)

1997-98-ൽ 90%-ഉം 98-99-ൽ 75%-ഉം ചെലവഴിക്കാത്ത തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് യഥാക്രമം ചെലവഴിക്കാത്ത തുക കുറച്ചാണ് അടുത്ത വർഷത്തെ പദ്ധതി വിഹിതം അനുവദിച്ചിട്ടുള്ളത്. ആയതിന്റെ തുക ലാപ്സാകുന്നില്ല.

(ഡി) ഉണ്ട്.

(ഇ) കൊല്ലം, തിരുവനന്തപുരം ജില്ലകളിലെ ജില്ലാ ആസൂത്രണ സമിതികളുടെ ആഭിമുഖ്യത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സംയുക്തമായി ഏറ്റെടുത്തിട്ടുള്ള സമ്പൂർണ്ണ ഭവന പദ്ധതികൾക്ക് സർക്കാർ ഗാരന്റി നൽകുന്നുണ്ട്.

പാർട്ട്ടൈം ജീവനക്കാരെ സ്ഥിരപ്പെടുത്താൻ നടപടി

72 (3160)ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമവികസന വകുപ്പിനു കീഴിൽ പാർട്ട്ടൈം ജീവനക്കാരുടെയും പാർട്ട്ടൈം കണ്ടിജന്റ് ജീവനക്കാരുടെയും തസ്തികകൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ ഇവ സൃഷ്ടിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ഗ്രാമവികസന വകുപ്പിനു കീഴിലെ ബ്ലോക്കു പഞ്ചായത്തുകളിൽ മൂന്നു വർഷത്തിൽ കുറയാതെ ദിവസക്കൂലി അടിസ്ഥാനത്തിൽ പാർട്ട്ടൈം സ്വീപ്പറായി ജോലി ചെയ്തവരെ സ്ഥിരപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ബ്ലോക്ക് പഞ്ചായത്തുകളിൽ മൂന്നു വർഷത്തിൽ കുറയാതെ ദിവസക്കൂലി അടിസ്ഥാനത്തിൽ പാർട്ട്ടൈം സ്വീപ്പറായി ജോലിചെയ്യുന്നവരെ സ്ഥിരപ്പെടുത്തുന്നതിന് ആവശ്യമായ നടപടി കൈകൊള്ളുമോ?

ഉത്തരം

(എ) ഗ്രാമവികസന വകുപ്പിന്റെ കീഴിൽ പാർട്ട്ടൈം കണ്ടിജന്റ് ജീവനക്കാരുടേതായ ഒരു പ്രത്യേക കേഡർ രൂപീകരിക്കുന്നതിന് 21.12.99-ലെ ജി.ഒ.(എം.എസ്)261/99/ത.സ്വ.ഭ.വ.പ്രകാരം ഉത്തരവായിട്ടുണ്ട്. 14 ജില്ലകളിലായി 159 തസ്തികകൾ ഇത് പ്രകാരം ഈ കേഡറിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി)&(സി) ഇപ്പോൾ പരിഗണിക്കാൻ നിർവ്വാഹമില്ല.

ജനകീയാസൂത്രണത്തിൽപ്പെടുത്തി വ്യക്തിഗത ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം

73 (3161)ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. സി.എഫ്. തോമസ് :
ശ്രീ. കെ.എം. മാണി :

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനകീയാസൂത്രണ പദ്ധതിയിൽപ്പെടുത്തി വ്യക്തിഗത ഗുണ ഭോക്താക്കളെ പഞ്ചായത്ത് ഭരണസമിതിയും പഞ്ചായത്തല കർമ്മസമിതിയും തെരഞ്ഞെടുക്കുകയും, ഗ്രാമസഭ ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിക്കുകയും ചെയ്തിട്ടും സാമ്പത്തിക സഹായത്തിന് തെരഞ്ഞെടുക്കപ്പെട്ട ഗുണ ഭോക്താവിന്റെ ആനുകൂല്യം നിഷേധിക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥന് അധികാരമുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഇപ്രകാരം ആനുകൂല്യം നിഷേധിക്കപ്പെട്ട ഏതെങ്കിലും പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇത്തരം പരാതികളിൻമേൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദീകരിക്കുമോ;

(ഡി) പദ്ധതി ഗുണഭോക്താവിന് റവന്യൂ ഉദ്യോഗസ്ഥന്റെ വരുമാന സർട്ടിഫിക്കറ്റ് ആവശ്യമാണെന്ന നിബന്ധന വച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ ഈ നിബന്ധന ഒഴിവാക്കേണ്ടതുണ്ടോയെന്ന് പരിശോധിക്കുമോ?

ഉത്തരം

(എ) ഇല്ല. എന്നാൽ ഏതെങ്കിലും ഗുണഭോക്താവ് അർഹരല്ലെന്നു കണ്ടാൽ, വിവരം പഞ്ചായത്ത് സമിതിക്ക് റിപ്പോർട്ട് ചെയ്യാൻ നിർവ്വഹണ ഉദ്യോഗസ്ഥന് അധികാരമുണ്ട്.

(ബി) ഉണ്ട്.

(സി) പഞ്ചായത്ത് ഭരണാധികാരികൾ/ജില്ലാ ഭരണാധികാരികൾ മുഖേന ഇത്തരം പരാതികളിൻമേൽ അന്വേഷണം നടത്തുകയും, പരാതികൾ ശരിയെങ്കിൽ ഇതുസംബന്ധിച്ചു ഉചിതമായ മേൽ നടപടികൾ സ്വീകരിക്കാറുണ്ട്.

(ഡി) നിലവിലുള്ള ദാരിദ്ര്യരേഖക്ക് താഴെയുള്ളവരുടെ ലിസ്റ്റിൽപ്പെടാത്ത ഗുണഭോക്താക്കൾക്ക് ദാരിദ്ര്യരേഖക്ക് താഴെയാണെന്നുള്ള വരുമാന സർട്ടിഫിക്കറ്റ് നൽകേണ്ടതുണ്ട്.

(ഇ) വരുമാന പരിധി നിശ്ചയിച്ചിട്ടുള്ള ചില ആനുകൂല്യങ്ങൾ ലഭിക്കുവാൻ വരുമാന സർട്ടിഫിക്കറ്റ് ആവശ്യമായി വരുന്നതാണ്.

ഇൻഫർമേഷൻ മിഷനിലെ നിയമനം

74 (3162)ശ്രീ. ടി.എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനകീയാസൂത്രണവുമായി ബന്ധപ്പെട്ട് കേരള ഇൻഫർമേഷൻ മിഷൻ 1999 ഡിസംബർ 11-ാം തീയതി ഏതെല്ലാം തസ്തികകളിലേക്ക് അപേക്ഷ ക്ഷണിച്ചിരുന്നു;

(ബി) ഇതിന്റെ അവസാന തീയതി എന്നായിരുന്നു;

(സി) പുനർ വിജ്ഞാപനം 23.2.2000-ത്തിലെ പത്രങ്ങൾക്ക് നൽകാനുണ്ടായ കാരണമെന്താണ്;

LIBRARY ARCHIVES Kerala Legislative Assembly